بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 12.06.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 12.06.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**മുമ്പത്തെക്കാൾ കൂടുതൽ അല്ലാഹുവിന്റെ നിഅ്മത്തുകളെ ഓർക്കുകയും ദിക്ർ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. ഇക്കാര്യമാണ് സത്യവിശ്വാസികളുടെ മനസ്സിൽ അല്ലാഹുവിനോട് സ്നേഹമുണ്ടാക്കുന്നത്. അവനെ അനുസരിക്കാനും പിൻപറ്റാനും ഒരു ആവേശമുണ്ടാകുന്നു; അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹവും പാരിതോഷികവും വർധിക്കുന്നതാണ്. ജർമനി ജൽസയിലും മറ്റു പരിപാടികളിലും അല്ലാഹുവിന്റെ അനുഗ്രഹമുണ്ടായി. ഇതിനു നമ്മൾ നന്ദി കാണിക്കേണ്ടതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഓർത്തുകൊള്ളുക. മനുഷ്യൻ എപ്പോഴും എല്ലാ അവസ്ഥയിലും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. രണ്ടാമത്തേത് **അമ്മാ ബിനിഅ്മത്തി റബ്ബിക്ക ഫഹദ്ദിഥ്** അനുസരിച്ച് പ്രവർത്തിക്കുക. അല്ലാഹു നല്കിയിട്ടുള്ള നിഅ്മത്തുകൾ പറഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. അതുമുഖേന അല്ലാഹുവിനോടുള്ള സ്നേഹം വർധിക്കുന്നു. അവനെ അനുസരിക്കാനും പിൻപറ്റാനും ഒരു ആവേശത്തള്ളിച്ച ഉണ്ടാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ നമ്മൾ നിത്യവും കണ്ടുകൊണ്ടിരിക്കുന്നു. പക്ഷേ, ഞാൻ യാത്രയിൽ പോകുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹം പലയിരട്ടി കൂടുതലാണ് ഉണ്ടാകുന്നത്. അല്ലാഹു തന്റെ അനുഗ്രഹത്താൽ പരിപാടികളിൽ ബർക്കത്തിടുന്നു. പ്രബോധനവും ഇസ്ലാമിന്റെ യഥാർഥ സന്ദേശവും ധാരാളമായിട്ട് ജനങ്ങളിലെത്തുന്നു. ജനങ്ങളിൽ അതിന്റെ സ്വാധീനം ഉണ്ടാകുന്നു. കഴിഞ്ഞ ദിനങ്ങളിൽ ജർമനിയിൽ പര്യടത്തിനായി പോയി. അതിന്റെ യഥാർഥ ഉദ്ദേശ്യം ജർമൻ ജൽസ സാലാനയിൽ പങ്കെടുക്കുക എന്നതായിരുന്നു.

എന്നാൽ, അതിനോടൊപ്പംതന്നെ അല്ലാഹു ചില പരിപാടികൾ ചെയ്യിക്കാറുണ്ട്. അത് ഇസ്ലാമിനെ നല്ല നിലയിൽ പരിചയപ്പെടുത്താനും ഇസ്ലാമികാധ്യാപനങ്ങളെ ജനങ്ങളിലെത്തിക്കാനുമുള്ള മാർഗമായിത്തീരുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, മനുഷ്യൻ എല്ലാ അവസ്ഥയിലും ദുആ ചെയ്തുകൊണ്ടിരിക്കണം, അതില്ലാതെ നമ്മുടെ ഒരു ചുവടുപോലും ഉയരുക അസാധ്യമാണ്. ഋജു മാനസനായിക്കൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അതിനുള്ള തൗഫീഖും തന്നുകൊണ്ടിരിക്കുമാറാകണം. വീണ്ടും പറഞ്ഞു: 'ദുആയോടൊപ്പം അല്ലാഹുവിന്റെ ഫള്ലും ഉണ്ടാകുമ്പോൾ, അല്ലെങ്കിൽ അല്ലാഹു സ്വയമേവ തന്റെ വിശേഷഗുണങ്ങളുടെ ജ്യോതിസ് കാണിച്ചുകൊണ്ട് തന്റെ അനുഗ്രഹങ്ങളെ പലഇരട്ടിയായി വർധിപ്പിച്ചു നല്കിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ ദുആയും പരിശ്രമവും എത്രയാണോ അതനുസരിച്ച് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഓർമിക്കുകയും അതിനെക്കുറിച്ച് പറയുകയും ചെയ്യേണ്ടത് മുമ്പത്തേക്കാളുപരി നിർബന്ധമാണ്. ഇക്കാര്യം പിന്നീട് മുഅ്മിനീംകളുടെ മനസ്സുകളിൽ അല്ലാഹുവിനോടുള്ള സ്നേഹം സൃഷ്ടിക്കുന്നു. അവനെ അനുസരിക്കാനും പിൻ പറ്റാനുമുള്ള ഒരു ആവേശത്തള്ളിച്ച ഉണ്ടാക്കുന്നു. ഇപ്രകാരം അല്ലാഹുവിന്റെ അനുഗ്രഹവും പാരിതോഷികവും വർധിക്കാൻ വേണ്ടിയാണിത്. ജർമനി ജൽസയിലും മറ്റു പരിപാടികളിലും അല്ലാഹുവിന്റെ അനുഗ്രഹമുണ്ടായി. എപ്രകാരം ഇസ്ലാം -അഹ്മദിയ്യത്തിന്റെ സന്ദേശം ആ ദിനങ്ങളിൽ വിശാലമായ നിലയിൽ രാജ്യത്തിന്റെ വിശാലമായ ഭാഗങ്ങളിൽ പ്രചരിച്ചുവോ അല്ലെങ്കിൽ അവിടംവരെ എത്തിയോ, അത് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്, അല്ലാഹുവിന്റെ ആ നിഅ്മത്തുകളെകുറിച്ച് പറയുക എന്നതാണ്. പ്രത്യേകിച്ചും ജർമനി ജമാഅത്തിന്, ഒരുപാട് നന്ദി കാണിക്കേണ്ടവരാകേണ്ടതുണ്ട്. ഇതു മുഖേന ആ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിച്ചുകൊണ്ട്, അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൂടുതൽ കുനിയേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹം കൂടുതൽ വർധിച്ചുകൊണ്ടുപോകാൻ ജനമനസ്സുകൾവരെ എത്തുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളില്ലാതെ അസാധ്യമാണ്. അല്ലാഹുവിന്റെ ഇഷ്ടമില്ലാതെ ഒരു മനുഷ്യനും ഓരോരുത്തരുടേയും മനസ്സുവരെ എത്താൻ സാധ്യമല്ല. മനുഷ്യൻ ലക്ഷം വട്ടം ശ്രമിച്ചാലും അല്ലാഹുവിന്റെ ഇഷ്ടമില്ലെങ്കിൽ ഒരു സന്ദേശവും സ്വാധീനം ചെലുത്തുകയില്ല. ചില ഘട്ടങ്ങളിൽ ആവേശഭരിതരായ പ്രസംഗകരുടെ പ്രസംഗങ്ങൾപോലും സ്വാധീനം ചെലുത്തുകയില്ല. പക്ഷേ, ഒരു സാധാരണ നിലയ്ക്കുള്ളതും സാധാരണ ശൈലിയിൽ വിവരിക്കപ്പെടുന്നതുമായ കാര്യം സ്വാധീനം ചെലുത്തുന്നു. ഇതിന്റെ ദൃശ്യങ്ങൾ നമുക്ക് ജൽസയിൽ കാണാൻ കഴിഞ്ഞു. അവിടെ ജമാഅത്തിലല്ലാത്ത അതിഥികൾ വന്നിരുന്നു. അവരുടെ പ്രതികരണങ്ങളിൽ ഇതിന്റെ പ്രകടനമുണ്ടായി. അതിന്റെ ചുരുങ്ങിയ വിവരണം ഇപ്പോൾ ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുന്നതാണ്. ജർമനിയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൂർവയൂറോപ്പിൽനിന്നും അയൽ രാജ്യങ്ങളിൽനിന്നും ഒരുപാടാളുകൾ ജൽസയിൽ പങ്കെടുക്കാനെത്തിയിരുന്നു. ജമാഅത്തിൽ പെടാത്തവരും, അമുസ്ലിംകളും ധാരാളം വന്നിരിന്നു. അഹ്മദികളുമായിട്ടുള്ള ബന്ധം കാരണത്താൽ യാഥാർഥ്യം അറിയുന്നതിനുവേണ്ടി വരുന്നതാണവർ. കാലത്തിന്റെ ഇമാമിന്റെ ദാസന്മാരുടെ സ്വാധീനം അവരിൽ എങ്ങനെ ഉണ്ടാകുന്നുവെന്നുവെച്ചാൽ, അവർ ജൽസയിൽ പങ്കെടുക്കുകയും ബയ്അത്ത് ചെയ്യുകയും ചെയ്യുന്നു. അവരെല്ലാവരുമായി കൂടിക്കാഴ്ച്ച നടന്നു. ചോദ്യോത്തരങ്ങളുമുണ്ടായി. കുറച്ചു പ്രതികരണങ്ങൾ ഞാൻ സമർപിക്കുകയാണ്. അൽബാനിയായിൽ നിന്ന് 16 ആളുകൾ വന്നിരുന്നു. രണ്ടു പേർ ജൽസയിലെ പരിപാടികൾ കണ്ടുകൊണ്ട് ബയ്അത്ത് ചെയ്തു. എഡ്വിൻ ജീപ(Ervin Xhepa)എന്ന സ്നേഹിതൻ തന്റെ ഭാര്യയോടൊപ്പമാണ് ജൽസയിൽ പങ്കെടുത്തത്. ഇവർ രണ്ടുപേരും നിയമവകുപ്പുകളുമായി ബന്ധപെട്ടവരാണ്. ഇദ്ദേഹം മാത്രം അഹ്മദിയാണ്. ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ അദ്ദേഹത്തിന്റെ ഭാര്യ ബയ്അത്ത് ചെയ്തിരുന്നില്ല. പക്ഷേ, അൽഹംദുലില്ലാഹ്, ജൽസയിൽ പങ്കെടുത്തുകൊണ്ട് പിന്നീട് കൂടിക്കാഴ്ച്ച നടത്തി അവരും ബയ്അത്ത് ചെയത് ജമാഅത്തിൽ പ്രവേശിച്ചു. അവർ പറഞ്ഞു: "ജൽസയിലെ

അനുഭവങ്ങൾ അങ്ങേയറ്റം അസാധാരണമായിരുന്നു. ഇതിൽ സ്നേഹം, ആത്മാർഥത, നിസ്വാർഥമായ സേവനങ്ങളുടെ ദൃശ്യം അവർ കണ്ടു.

ഇബ്റാഹിം തുഡ്ശില്ലാ(Ibrahim Turshilla)എന്ന സ്നേഹിതൻ കൂടിക്കാഴ്ച്ച നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ താനും അഹ്മദിയാകുന്നുവെന്ന് പറഞ്ഞ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽചേർന്നു. അദ്ദേഹം പറയുന്നു: 'തീരുമാനമെടുക്കുന്നതിൽ ഞാൻ വലിയ കാലതാമസമാണ് വരുത്തിയത്. പക്ഷേ, എന്നിരുന്നാലും ഇന്ന് തികഞ്ഞ വിശ്വാസത്തോടെ ചേരുകയാണ്. എന്റെ ഈ തീരുമാനം ശരിയായിട്ടുള്ളതാണ്.

കോസോദിൽ നിന്ന് വന്നിരുന്ന ഒരു സ്നേഹിതൻ അഗ്റൺ (Agron) സാഹിബ് പറയുന്നു: 'ഞാൻ കഴിഞ്ഞ വർഷം വന്നിരുന്നു എന്നാൽ, കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ജൽസയുടെ ഒരുക്കങ്ങളിൽ അസാധാരണമായ വികാസവും വ്യക്തമായ മാറ്റവും കാണുന്നു.'

മെസഡോണിയായിൽനിന്ന് വന്ന ഒരു അതിഥി പറഞ്ഞു: 'ജൽസയിൽ പങ്കെടുത്തുകൊണ്ട് അതിന്റെ ഓർമകളുമായി തിരിച്ചു പോകുകയാണ്. ജൽസയ്ക്കുവേണ്ടി ചെയ്ത ഒരുക്കങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ ഏതു സ്ഥാപനത്തിനും വളരെ പ്രയാസപ്പെട്ടെ അത് ചെയ്യാൻ കഴിയുകയുള്ളൂ, എന്നല്ല ഒരു വലിയ രാഷ്ട്രത്തിനുപോലും ഈ നിലവാരത്തിലുള്ള പരിപാടി നടത്താൻ സാധ്യമല്ലെന്നാണ് ഞാൻ പറയുന്നത്,

മെസഡോണിയായിൽനിന്നു തന്നെയുള്ള മറ്റൊരു സ്നേഹിതൻ പറയുന്നു: 'ജീവിതത്തിൽ ആദ്യമായാണ് ഇത്ര നല്ലയാളുകളുമായി കണ്ടുമുട്ടുന്നത്. എന്നെ ഏറ്റവുമധികം ആകർഷിച്ചത് എനിക്കിപ്പോൾ ഇവിടെനിന്ന് കിട്ടിയ ഇസ്‌ലാമിന്റെ സന്ദേശമാണ്.'

മെസഡോണിയായിൽനിന്ന് വന്ന സംഘത്തിലെ അതിഥിയായിരുന്നു ഡ്രാഗൻ (Dragan) സാഹിബ്, അദ്ദേഹം പറയുന്നു: 'എനിക്ക് മുസ്‌ലിംകളുമായി ഇത്ര അടുത്ത പരിചയമുണ്ടാകുന്നത് ഇതാദ്യമാണ്. ഇസ്‌ലാമികാധ്യാപനങ്ങളെക്കുറിച്ചുള്ള പ്രസംഗങ്ങൾ കേട്ടു. മുമ്പേതന്നെ പരിചയക്കാരാണെന്ന് തോന്നും വിധമുള്ള രീതിയിലാണ് ഇവിടെ മുസ്‌ലിംകൾ ഞങ്ങളെ സ്വാഗതം ചെയ്തത്.'

ബോസ്നിയായിലെ ഒരു സാഹിബ് പറയുന്നു ആദ്യം അദ്ദേഹത്തിന് ജമാഅത്തുമായി ഇത്ര സുദൃഢബന്ധമുണ്ടായിരുന്നില്ല. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായി കൂടിക്കാഴ്ച്ച നടത്തിയതിനുശേഷം അദ്ദേഹത്തിൽ അസാധാരണമായ മാറ്റമുണ്ടായി. ജമാഅത്തിനോട് പ്രത്യേകിച്ചും ഖലീഫത്തുൽ മസീഹിനോട് അദ്ദേഹത്തിന്റെ മനസ്സിൽ ആദരവ് ഒരുപാട് വർധിച്ചു.'

ക്രോഷ്യൻ സംഘവും വന്നിരുന്നു. അവരിലെ ഒരു അംഗം യാസീവാ (Josipa)സാഹിബ് പറഞ്ഞു: 'ജൽസസാലാനയിൽ വരുന്നതിനുമുമ്പേ, ഞാൻ ജമാഅത്തിന്റെ ഇപ്പൊഴത്തെ നേതാവിന്റെ ഗ്രന്ഥമായ "ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും" (World crisis and pathway to peace) വായിച്ചിരുന്നു. ഇപ്രകാരംതന്നെ 2014 ലും 15 ലും സമാധാനത്തെക്കുറിച്ച് ചേർന്ന സിംമ്പോസിയത്തിൽ ഖലീഫത്തുൽ മസീഹ് ചെയ്ത രണ്ടു പ്രഭാഷണങ്ങളും വായിച്ചിരുന്നു. ചില കാര്യങ്ങളിൽ ജമാഅത്തിന്റെ നേതാവ് കർക്കശക്കാരനാണ് എന്നതായിരുന്നു എന്റെ ധാരണ. അദ്ദേഹം കർക്കശ സ്വഭാവക്കാരനായിക്കുമെന്ന് കരുതി. എന്നാൽ, ഈ ധാരണ കൂടിക്കാഴ്ച്ചക്കുശേഷം മാഞ്ഞു പോയി. അതിനുശേഷം അദ്ദേഹം ജമാഅത്തിനെകുറിച്ച് കൂടുതൽ അന്വേഷിക്കാൻ തുടങ്ങി.

ഹംഗറിയിലെ ഒരു സ്നേഹിതൻ മേസേയി(Mezei) സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പോലീസുവകുപ്പിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തുകൊണ്ടിരുന്ന ആളാണ്. ക്രിസ്തുമത വിശ്വാസിയായ അദ്ദേഹം തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിക്കുന്നു: 'ചെറിയവരും വലിയവരും എല്ലാവരും പരസ്പരം സലാം പറയുന്നു. സ്നേഹത്തോടെ കാണുന്നു. എനിക്കവരുടെ ഭാഷ മനസ്സിലായില്ല. പക്ഷേ, അവരുടെ മുഖലക്ഷണങ്ങളിൽനിന്ന് ഇവർ സ്നേഹം വിതരണം ചെയ്യുകയാണെന്ന് തോന്നി.ഞാൻ ലോകം കണ്ടിട്ടുണ്ട്. കിഴക്കുമുതൽ പടിഞ്ഞാറുവരെ ഇത്തരം ദൃശ്യം ഒരിടത്തും ഞാൻ കണ്ടിട്ടില്ല.'

ഹംഗറിയിൽ നിന്നുതന്നെയുള്ള മറ്റൊരു സുഹൃത്ത് ഗാബോർ പീറ്റർ (Gabor Peter) സാഹിബ് പറയുന്നു: (ഇദ്ദേഹം ജൂതമത വിശ്വാസിയാണ്.) ജൽസയിൽ പങ്കെടുക്കുന്നതിനുമുമ്പേ ചില സമയങ്ങളിൽ വക്രതയോടുകൂടി ചർച്ചകൾ നടത്തിയിരുന്നു. പക്ഷേ, ഞാനുമായി കൂടിക്കാഴ്ച്ച നടത്തിയപ്പോൾ ഹംഗറിയൻ ജമാഅത്തിന് ഏതെങ്കിലും കാര്യത്തിൽ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അദ്ദേഹം സഹായിക്കുമെന്ന് പറഞ്ഞു. ഈ മാറ്റങ്ങളാണ് അല്ലാഹു ഉണ്ടാക്കുന്നത്.

ജർമനിയിലെ ഒരു സുഹൃത്താണ് സുലൈമാൻ സാഹിബ്. സെന്റർ റിപ്പബ്ലിക് ഓഫ് ആഫ്രിക്കയുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. പറയുന്നു: 'എനിക്ക് ജൽസയിൽ പങ്കെടുക്കാൻ ക്ഷണം കിട്ടി. അമ്പതോ നൂറോപേരുടെ പ്രബോധന പരിപാടിയായിരിക്കും ഇതെന്നാണ് ഞാൻ കരുതിയത്. അതിൽ എന്തെങ്കിലുമൊക്കെ കാര്യങ്ങൾ പറയുമെന്നു വിചാരിച്ചു. തിന്നലും കുടിക്കലും കഴിഞ്ഞ് എല്ലാവരും തങ്ങളുടെ വീടുകളിലേക്ക് മടങ്ങിപ്പോകുമായിരിക്കും എന്നും ധരിച്ചു. പക്ഷേ, ഇവിടെ വന്നതിനുശേഷം എന്റെ വീക്ഷണഗതി തികച്ചും മാറിപ്പോയി. ആയിരക്കണക്കിനാളുകൾ സംഘടിച്ചിരിക്കുന്നു. ജൽസാ ദൃശ്യങ്ങളുടെ ഈ മാസ്മര വിദ്യയിൽനിന്ന് പുറത്തുകടക്കാൻ എനിക്ക് സാധിച്ചില്ല. ഇവിടെത്തെ ഓരോ കാര്യവും ഇന്ദ്രജാലമാണ്. നിങ്ങളുടെ പ്രബോധന രീതി തന്നെ അതുല്യമാണ്. ഈ രീതിയിൽ പ്രബോധനം ചെയ്യപ്പെടുകയാണെങ്കിൽ, നിർഭാഗ്യരല്ലാതെ ആരും നിഷേധിക്കുകയില്ല.'

മോണ്ടിനെഗ്രോയിൽ നിന്നുവന്ന റാഗിബ് ശപ്താഫി (Ragip Shaptafi) സാഹിബ് പറയുന്നു: 'ഞാൻ പ്രഭാഷണങ്ങൾ കേട്ടു. ഒരുക്കങ്ങൾ കണ്ടു. എല്ലാ കാര്യങ്ങളും അസാധാരണമായിരുന്നു.'

ഇപ്രകാരംതന്നെ റാഗിബ് സാഹിബ് പറഞ്ഞു: 'മോണ്ടിനെഗ്രോയിൽ മുസ്‌ലിംകളുടെ ഇടയിൽ പൊതുവെ പ്രചരിച്ചിട്ടുള്ളത് അഹ്മദിയ്യാജമാഅത്ത് നൗഊദുബില്ലാഹ് നബി(സ)തിരുമേനിയെ വിശ്വസിക്കാത്തവരാണെന്നാണ്. എന്നാൽ ആരാണോ ജമാഅത്തിനെ അടുത്തുനിന്ന് നിരീക്ഷിക്കുന്നത് അവന് മൗലവിമാർ പ്രചരിപ്പിക്കുന്ന കളവാണെന്ന് ക്ഷണത്തിൽ വ്യക്തമാകുന്നതാണ്.'

മൊറോക്കയിൽനിന്ന് ഒരു സ്നേഹിതൻ ബൽജിയത്തിൽ താമസിക്കുന്നയാളാണ്. പറയുന്നു: 'എന്റെ വികാരങ്ങൾ വാക്കുകൾക്കതീതമാണ്. എന്റെ ആത്മാവിന്റെ അടിത്തട്ടുവരെ സ്വാധീനിച്ച ആത്മീയ ദൃശ്യങ്ങളാണിത്. ഇസ്‌ലാമിന്റെ ശരിയായ സങ്കല്പം എനിക്കിവിടെ ദൃശ്യമായി.'

ഒരു ജർമൻ സ്നേഹിതൻ ഹേക്കോ ഫർനിക്കാൻ സാഹിബ് പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് അറിയാനുള്ള എന്റെ ആദ്യസംരംഭമായിരുന്നു ഇത്.' പിന്നീട് എന്നെ കുറിച്ച് അദ്ദേഹം പറഞ്ഞു: 'എന്തൊന്ന് അദ്ദേഹം പറഞ്ഞുവോ അത് സത്യമാണ്. എല്ലാ മനുഷ്യനും അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയാൽ മുഴുലോകത്തും സമാധാനമുണ്ടാകുന്നതാണ്.

ഫ്രാൻസിൽ നിന്നുള്ള ഒരു നവഅഹ്മദി ഹാൻലി അൻഫാൽ സാഹിബ് കോംറോസ്ദ്വീപ് വാസിയാണ്. മൂന്നാഴ്ച്ച മുമ്പേയാണ് ബയ്അത്തു ചെയ്തത്. അദ്ദേഹം പറയുന്നു: 'ഞാൻ മുസ്‌ലിമായി

രുന്നു എന്നത് ശരിതന്നെ. എന്നാൽ ഇസ്തിഖാമത്ത് (സ്ഥൈര്യം) കിട്ടിയിരുന്നില്ല. ഇന്നലെ ഖലീഫത്തുൽ മസീഹിന്റെ പിന്നിൽ ജുമുഅ നമസ്കരിച്ചപ്പോൾ ഏറെ നിർവൃതിയുണ്ടായി. ജീവിതത്തിൽ ആദ്യമായിട്ടാണ് നമസ്കാരത്തിൽ കരച്ചിൽ വന്നത്.'

വിദ്യാർഥിയായ എഡ്ഗ്രോസ് പറയുന്നു: 'ഇവിടെ വരുന്നതിനു മുമ്പേ എന്റെ മനസ്സിൽ ഇലക്ട്രോണിക് മാധ്യമം മുഖേന ഇസ്ലാമിനെ കുറിച്ച് വളരെ തെറ്റായ ധാരണകളാണുണ്ടായിരുന്നത്. ഖുത്ബകൾ കേട്ടും ജൽസയുടെ പരിപാടികൾ കണ്ടും എല്ലാം വ്യത്യസ്തമായി അനുഭവപ്പെട്ടു. ജനങ്ങളുടെ പെരുമാറ്റം തികച്ചും പോസിറ്റീവായിരുന്നു. ഇന്ന് യഥാർഥ ഇസ്ലാമിനെ നിങ്ങളുടെ രൂപത്തിൽ ഞാൻ കാണുന്നു.'

ഇപ്രകാരം ഒരുപാടാളുകളുടെ പ്രതികരണങ്ങളുണ്ട്. ലഥോനിയായിൽ നിന്നുവന്ന ഒരു വക്കീൽ പറഞ്ഞു: 'ഞാൻ ജൽസയിൽ പങ്കെടുത്ത് വളരെ ആകർഷിതനായിരിക്കുന്നു. ഞാൻ നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ടു. ഇത് ഇസ്ലാമിനെ കുറിച്ചുള്ള എന്റെ പുതിയ അനുഭവമാണ്. ഇവിടെ വന്നിട്ട് എനിക്ക് ഇസ്ലാമിന്റെ യഥാർഥ അധ്യാപനം അറിയാൻ കഴിഞ്ഞു.'

ബോസ്നിയായുമായി ബന്ധമുള്ള ഒരു സാഹിബ് പറഞ്ഞു: 'ഖലീഫത്തുൽ മസീഹ് ഒരു ജീവനുള്ള ദൈവത്തിന്റെ സങ്കല്പം സമർപിച്ചു. ഇക്കാലത്ത് ദൈവം ഇന്നും ജീവനുള്ളവനാണെന്ന് കാണിക്കുകയും വാദിക്കുകയും ചെയ്യുന്ന ജമാഅത്ത് അഹ്മദിയ്യാ ജമാഅത്താണ്.'

ജർമനിയുടേയും ബൽജിയത്തിന്റെയും അതിർത്തിയിൽ താമസിക്കുന്ന ഒരു മുസ്ലിം സുഹൃത്ത് പറയുന്നു: 'ജർമനി ജൽസയിൽ പങ്കെടുക്കാൻ വരുന്നതിനുമുമ്പേവരേ ഞാൻ മതത്തേയും ജമാഅത്തിനേയും ഗൗരവമായി എടുത്തിരുന്നില്ല. എന്നാൽ, ജൽസയിൽ പങ്കെടുത്ത് എന്റെ വികാരങ്ങളുടെ മുഖച്ഛായ മാറിപ്പോയി.'

ഒരു സിറിയക്കാരനാണ് അബ്ദുല്ലാ സാഹിബ്. അദ്ദേഹത്തിന്റെ പിതാവ് വർഷങ്ങളായിട്ട് അഹ്മദിയാണ്. ഇദ്ദേഹം തന്റെ പിതാവിനോടൊപ്പം റഷ്യയിൽ താമസിച്ചു വരികയായിരുന്നു. പക്ഷേ ഇപ്പോൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഹോളണ്ടിൽ താമസിക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് മുഖേന അദ്ദേഹത്തിന് പ്രബോധനം കിട്ടിക്കൊണ്ടിരിന്നു. പക്ഷേ, അദ്ദേഹം ബയ്അത്ത് ചെയ്തിരുന്നില്ല. ജൽസയിൽ പങ്കെടുത്തതിനുശേഷം പറഞ്ഞു: 'ഞാൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു. കാരണം അല്ലാഹു എനിക്ക് അടയാളം കാണിച്ചു തന്നിരിക്കുന്നു. പറയുന്നു: രാത്രിയിൽ ഞാൻ അല്ലാഹുവിനോട് കരഞ്ഞും വിലപിച്ചും ഒരുപാട് ദുആ ചെയ്തു. രാത്രിയിൽ ഉറങ്ങിയപ്പോൾ സ്വപ്നത്തിൽ കണ്ടു. വലിയ ഭിത്തിയിൽ തിളക്കമാർന്ന വലിയ അക്ഷരങ്ങളിൽ "അൽ അഹ്മദിയ്യ" എന്നെഴുതിയിരിക്കുന്നു. അതിൽ നിന്ന് അസാധാരണമായ പ്രകാശം നിർഗളിക്കുന്നുണ്ടായിരുന്നു.'

ഇപ്രകാരംതന്നെ ജർമനിയിൽ ഞാൻ ജൽസയെ സംബോധന ചെയ്ത് പ്രസംഗിക്കുകയായിരുന്നപ്പോൾ, പറയുന്നു: അതിനിടയിൽ തന്നെ മനസിൽ ഞാൻ അടയാളം ചോദിച്ചിരുന്നു. ആ അവസരത്തിൽതന്നെ എനിക്കാഗ്രഹമുണ്ടായി, ആഹ്! എനിക്ക് ഖലീഫത്തുൽ മസീഹിനോടൊപ്പം അദ്ദേഹത്തിന്റെ സമീപത്തു നില്ക്കാൻ അവസരം കിട്ടിയിരുന്നെങ്കിൽ. പറയുന്നു: കുറച്ചു നേരത്തിനു ശേഷം, ഒരു നിമിഷനേരത്തേക്ക് എനിക്കൊരു മയക്കം പോലെവന്നു. ആ മയക്കത്തിൽ ഞാൻ കണ്ടു. ഞാൻ സ്റ്റേജിൽ ഖലീഫത്തുൽ മസീഹിന്റെ ഓരംചേർന്നു നില്ക്കുന്നു. അതിനു ശേഷം പറയുന്നു: സത്യം എന്നിൽ തുറക്കപ്പെട്ടു. അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്തു.

അൽജസായിറിലെ സ്നേഹിതൻ പറയുന്നു: ഓരോ പ്രാവശ്യവും ജൽസയിൽ പങ്കെടുക്കുന്നത് എന്റെ വിശ്വാസത്തിൽ അസാധാരണമായ വർധനവിന് കാരണമാകാറുണ്ട്. ഓരോ തവണയും അല്ലാഹുവിന്റെ അളവറ്റ സഹായങ്ങളുടെ ദൃശ്യങ്ങൾ കാണുന്നു. ഞാൻ സ്വർഗത്തിലാണെന്ന് ജൽസയിലിരിക്കുമ്പോൾ എനിക്കനുഭവപ്പെട്ടു. അത് തഹിയ്യത്തുഹും ഫീഹാ സലാം എന്ന വാക്യം ഓർമിപ്പിക്കുന്നു.' (അവിടെ വെച്ച് അവരുടെ അഭിവാദനം സലാം എന്നായിരിക്കും 14:24)

ഇറ്റലിയിൽ നിന്നു വന്ന ഒരു ക്രൈസ്തവ അതിഥി പറഞ്ഞു: ഇദ്ദേഹം ഇറ്റലിയിലെ റിലീജിയൻ ഫോർ പീസ് (Religion for peace)എന്ന സംഘടനയുടെ ജനറൽ സെക്രട്ടറിയാണ്. വത്തിക്കാൻ സിറ്റിയിൽ വളരെ സ്വാധീനവും പിടിപ്പുമുള്ള വ്യക്തിയാണ്. അദ്ദേഹം തിരിച്ച് ഇറ്റലിയിൽ ചെന്ന് ലേഖനമെഴുതി. ഇത് ആയിരക്കണക്കിനാളുകൾ വായിക്കുന്ന അദ്ദേഹത്തിന്റെ സ്വന്തം പ്രസിദ്ധീകരണമാണ്. പറയുന്നു: ലേഖനത്തിൽ അദ്ദേഹമെഴുതി: ജൽസസാലാനയുടെ ദൃശ്യം വിസ്മയകരമായിരുന്നുവെന്ന് എനിക്ക് അംഗീകരിക്കേണ്ടതായിവരുന്നു.)

ജൽസയിൽ പങ്കെടുത്ത ഒരു സിറിയൻ ഡോക്ടർ പറയുന്നു: 'ഇത്ര സുസംഘടിതമായ സംഘടന ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല. നമുക്ക് ആറുപേരെ സംരക്ഷിക്കാൻ കഴിയുകയില്ല. ഇവിടെ നാല്പതിനായിരത്തോളമാളുകൾ സംഘടിച്ചിരിക്കുന്നു. ഒരു ഉന്തും തള്ളുമില്ല. ഞാൻ ഹൃദയംഗമമായി ഹദ്റത്ത് മിർസാസാഹിബിനേയും അവിടത്തെ ഖലീഫയേയും ബഹുമാനിക്കുന്നു. ആദരിക്കുന്നു. അദ്ദേഹം പറയുന്നു: ഞാൻ ബറാഹീനെ അഹ്മദിയ്യ പൂർണമായും വായിച്ചു. അല്ലാഹുവാണ! പത്തൊമ്പതാം നൂറ്റാണ്ടിൽ ഇസ്ലാമിനെതിരെയുള്ള ആക്രമണത്തെ പ്രതിരോധിക്കുന്നതിൽ അറേബ്യയിലോ മറ്റേതെങ്കിലും രാജ്യത്തോ ഇത്തരത്തിലുള്ള ഒരു ഗ്രന്ഥവും രചിക്കപ്പെട്ടിട്ടില്ല.' അല്ലാഹു അദ്ദേഹത്തിന്റെ നെഞ്ചകം തുറക്കുമാറാകട്ടെ. സ്വീകരിക്കാനുള്ള ഭാഗ്യം നല്കുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അസാധാരണമായ ഫലങ്ങളുണ്ടാകുന്നത്. വളരെ കുറച്ചു കാര്യങ്ങളാണ് ഞാൻ വിവരിച്ചത്. വിവരിച്ചതും വളരെ ചുരുക്കിയാണ്. ജൽസയുടെ അനുഗ്രഹങ്ങൾ അസാധാരണമാണ്. ചില കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തേണ്ടതായിട്ടുണ്ട്. അതിഥികൾ മടിച്ചിട്ട് ഇത് പറയാറില്ല. പക്ഷേ ഇവിടെ അൽബാനിയായിൽനിന്ന് വന്ന രണ്ട് സ്ത്രീകളുണ്ടായിരുന്നു. അവർ ഇക്കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തി. അതായത് താൻ സ്ത്രീകളുടെ ഭാഗത്ത് കറിയും റൊട്ടിയും ഒരുപാട് പാഴാകുന്നത് കണ്ടുവെന്ന് ഒരാൾ പറഞ്ഞു. ഒരുപാട് നല്ല ഗുണങ്ങളുള്ളപ്പോൾതന്നെ ഇത്തരം വീഴ്ചകളും നമ്മൾ അകറ്റാൻ ശ്രമിക്കേണ്ടതാണ്. ജർമനിയിലെ സംഘാടകർ പ്രത്യേകിച്ചും ലജ്ന അംഗങ്ങൾ ഭക്ഷണം കഴിക്കുന്നവരോട് ഭക്ഷണം പാഴാക്കരുതെന്ന് പറഞ്ഞു കൊണ്ടിരിക്കേണ്ടതാണ്.

ഇപ്രകാരംതന്നെ മെസഡോണിയയിൽ നിന്നുവന്ന ഒരു സ്ത്രീ താമസസൗകര്യത്തെ കുറിച്ചു പറയുകയുണ്ടായി. താമസ സൗകര്യം ഏർപ്പെടുത്തിയത് വളരെ ദൂരെയായിരുന്നു. വളരെയധികം യാത്ര ചെയ്താണ് ഞങ്ങൾക്ക് വരേണ്ടിയിരുന്നത്. അക്കാരണത്താൽ ക്ഷീണമുണ്ടായിരുന്നു. അത്തരമാളുകൾക്ക് വേണ്ടി ജർമനിയിലെ സംഘാടകർ അടുത്ത് സൗകര്യങ്ങളൊരുക്കി നല്കേണ്ടതാണ്. (തുടർന്ന് ഹുസൂർ അൻവർ ആഖൻ, ഹെയ്സൻ തുടങ്ങിയ നഗരങ്ങളിൽ നിർമിച്ച മസ്ജിദുകളുടെ ഉദ്ഘാടനത്തെ കുറിച്ച് പറഞ്ഞു. അതിൽ പങ്കെടുത്ത ചില അതിഥികളുടെ പ്രതികരണവും വിവരിച്ചു) ഇതു പോലെതന്നെ ജൽസസാലാനയുടെ ഓഫീസറും ചില കാര്യങ്ങൾ നോട്ടു ചെയ്തിട്ടുണ്ട്. സ്വന്തം കാര്യങ്ങൾ സ്വയം നോട്ടു ചെയ്യുന്നതും പുരോഗതിയിലേക്ക് നയിക്കുന്നതാണ്. അതിലേക്കും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഒന്ന് മാലിന്യങ്ങൾ വലിച്ചെറിയലാണ്. വൃത്തി ഗൗനിക്കാതിരിക്കലാണ്.

ഇക്കാര്യങ്ങളിലേക്ക് ഇനി ശ്രദ്ധിക്കേണ്ടതാണ്. വൃത്തിയുടെ കാര്യം പരസ്പരം പറഞ്ഞു കൊണ്ടിരിക്കേണ്ടതാണ്. ഭക്ഷണത്തെ കുറിച്ചും ചിലർ പറഞ്ഞു. ലങ്കർഖാനയിൽ ഉണ്ടാക്കുന്ന ഭക്ഷണം, ഒരേ രീതിയിൽ മാത്രമേ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. ചിലർക്ക് ആക്ഷേപമുണ്ടായി, അതായത് 'പാസ്ത' തുടങ്ങിയവ ഉണ്ടാകുമോ? ഇല്ലേ? ഉണ്ടാകേണ്ടതാണ്. ഇവിടെ യഥാർഥ കാര്യം ആത്മീയഭക്ഷണമാണ്. അതു കഴിക്കാനാണ് അഹ്മദി വരുന്നത്. അതു കൊണ്ട് അഹ്മദികൾ ഇത്തരം കാര്യങ്ങൾ പറയാതിരിക്കേണ്ടതാണ്. ഏതു ഭക്ഷണം കിട്ടിയാലും കഴിക്കുകയാണ് വേണ്ടത്. ഒരു ഭക്ഷണം മാത്രമേ ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. ചിലപ്പോൾ ചില ജോലിക്കാർ ചില കാര്യങ്ങളിൽ കർക്കശരായി പോകാറുണ്ട്. ഇക്കാരണത്താൽ മറ്റുള്ളവർക്കും പ്രയാസമുണ്ടാകുന്നു. ഓർക്കേണ്ടതെന്താണെന്നുവെച്ചാൽ, ആവശ്യക്കാരന്റെ ആവശ്യം ന്യായമാണെന്നു കണ്ടാൽ, ചട്ടങ്ങളിൽ നിന്ന് വ്യതിചലിക്കേണ്ടിവന്നാലും, അയാളുടെ ഏതെങ്കിലും ആവശ്യം നിറവേറ്റാൻ കഴിയുമെങ്കിൽ നിറവേറ്റിക്കൊടുക്കേണ്ടതാണ്. പ്രവർത്തകർ എപ്പോഴും മൃദുലസ്വഭാത്തോടും സൗകുമാര്യത്തോടും കൂടി പെരുമാറേണ്ടതാണ്.

മൊത്തത്തിൽ നോക്കുമ്പോൾ ഇപ്രാവശ്യം ജൽസസാലാനയുടെ ഒരുക്കങ്ങൾ വളരെ നല്ലതായിരുന്നു. ജൽസസാലാന ഓഫീസറും അദ്ദേഹത്തിന്റെ ടീമും കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു. വലിയ വലിയ ഏർപാടുകളിൽ ചില ചെറിയ ചെറിയ കാര്യങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. അത് ശ്രദ്ധിക്കേണ്ടതാണ്. ഇൻശാഅല്ലാഹ് ഭാവിയിൽ കൂടുതൽ മികവ് ഉണ്ടാകുന്നതാണ്. അല്ലാഹു എല്ലാ പ്രവർത്തകർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവർ കഠിനാധ്വാനമാണ് ചെയ്തത്. പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ അതിഥികൾ വന്നിട്ടും അവർക്കുവേണ്ടി കിടക്കകൾ സംഘടിപ്പിച്ചു കൊടുത്തു. ആദ്യത്തെ രാത്രി ചില പ്രശ്നമുണ്ടായിരുന്നു. പക്ഷേ, അടുത്ത ദിവസം അതു പരിഹരിച്ചു. വളരെ നല്ലനിലയിലാണ് പരിഹരിച്ചത്. മറ്റുള്ള വീഴ്ചകൾ കഴിഞ്ഞ വർഷം മൈക്ക് തുടങ്ങിയ കാര്യങ്ങളിലായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതും അകന്നു. ഞാൻ പ്രവർത്തകരെല്ലാവർക്കും നന്ദി പറയുകയാണ്.

ജൽസസാലാന നമ്മുടെ ആത്മീയവും ശിക്ഷണപരവുമായ കാര്യത്തിൽ അഭിവൃദ്ധിക്ക് കാരണമാകുന്നതോടൊപ്പം പുരുഷന്മാരും സ്ത്രീകളും അതിന്റെ പ്രകടനവും കത്തകളിലൂടെ നടത്താറുമുണ്ട്. അന്യർക്കും ഇസ്‌ലാമിന്റെ യഥാർഥ ചിത്രം സമർപ്പിക്കുന്നതിന് കാരണമാകുന്നു. ഇവിടെ ബയ്അത്തുകളും നടന്നു. സംഘാടകരുടെ അറിവനുസരിച്ച് അവർ ആദ്യം ബയ്അത്തു ചെയ്യാൻ തയ്യാറല്ലായിരുന്നു. ഞാനുമായി കൂടിക്കാഴ്ച്ച നടത്തുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തതിനുശേഷം ബയ്അത്തു ചെയ്യാൻ തയ്യാറായി. ഏതേതെല്ലാം അനുഗ്രഹത്തിനും ഔദാര്യത്തിനുമാണ് മനുഷ്യൻ നന്ദികാണിക്കേണ്ടത്. അല്ലാഹു നമുക്ക് നല്കുന്ന ഏത് പാരിതോഷികത്തിനാണ് നന്ദി പറയേണ്ടത്. ഈ അനുഗ്രഹങ്ങളെ ജമാത്തുകൾ ഇനി കാത്തുസൂക്ഷിക്കുന്നവരാകാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പുതിയതായി ബയ്അത്തുചെയ്തവരേയും ശരിയായ നിലയിൽ ഉൾക്കൊള്ളാൻ കഴിയുമാറാകട്ടെ. ജൽസയുടെ ഈ അനുഗ്രഹങ്ങൾ വ്യാപിച്ചുകൊണ്ടേ പോകുമാറാകട്ടെ. പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും അല്ലാഹു സ്ഥിരമായ നിലയിൽ ഫലമെടുത്തുകൊണ്ടിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മളെല്ലാവരെയും യഥാർഥ നന്ദികാണിക്കുന്നവരാക്കട്ടെ.

ഖുത്ബ ജുമുഅയുടെ അവസാനം ഹുസൂർ മുകർറം മുഹമ്മദു ദീൻ സാഹിബ് ദർവേശിന്റെ ഭാര്യ മുകർറമ റശീദ ബീഗം സാഹിബയെ അനുസ്മരിക്കുകയും ജനാസ ഗാഇബ് നമസ്കരിപ്പിക്കുകയും ചെയ്തു. 2015 ജൂൺ ഒന്നിനാണ് ഖാദിയാനിൽ അവർ വഫാത്തായത് അവരുടെ ബന്ധുക്കളുടെ ദീനി സേവനവും അനുസ്മരിക്കുകയുണ്ടായി.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 12.06.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala